# NATIONAL BULLETIN

**DATE: 21.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യം അന്താരാഷ്ട്ര യോഗ ദിനാഘോഷത്തിൽ; ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള കലയാണ് യോഗയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

   **Nation celebrates International Yoga Day; Yoga is an art for living a healthy life says President Droupadi Murmu.**

2. യോഗ ലോകത്തിന് സമാധാനത്തിലേക്കുള്ള ദിശാബോധം നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി; വിശാഖപട്ടണത്ത് മൂന്ന് ലക്ഷത്തോളം പേർ പങ്കെടുത്ത യോഗാഭ്യാസത്തിന് നേതൃത്വം നൽകി പ്രധാനമന്ത്രി.

   **Prime Minister Narendra Modi says yoga gives the world a sense of direction towards peace; PM leads the yoga celebration in Visakhapatnam.**

3. കേരളത്തിൽ യോഗദിന പരിപാടികൾക്ക് നേതൃത്വം നൽകി കേന്ദ്രസഹമന്ത്രിമാർ; സമ്പൂർണ യോഗ കൈവരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ പ്രത്യേകമായി അംഗീകരിക്കുമെന്ന് മന്ത്രി വീണാ ജോർജ്.

   **Union ministers of state lead Yoga Day programs in Kerala; Minister Veena George says local bodies that achieve complete yoga will be specially recognized.**

4. ഇസ്രയേൽ ആക്രമണ പശ്ചാത്തലത്തിൽ ഭാവി ആണവ പദ്ധതികളെക്കുറിച്ച് ചർച്ചയില്ലെന്ന് ഇറാൻ.

**Iran says no discussion on future nuclear plans in wake of Israeli attack.**

5. എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ ഇന്ത്യൻ പുരുഷ-വനിതാ ടീമുകൾ ബെൽജിയത്തെ നേരിടും.

**Indian men's and women's teams to face Belgium in FIH Hockey Pro League.**

&&&&&&&&&&&&&&&&&

## HEAD LINE – 1

### PRESIDENT YOGA (INTRO)

ആരോഗ്യകരമായ ജീവിതം നയിക്കുന്നതിനുള്ള കലയാണ് യോഗയെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

യോഗ ശീലിക്കുന്നത് ശരീരത്തിനും മനസ്സിനും വ്യക്തിത്വത്തിനും ഗുണം ചെയ്യുമെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു. ആഗോള സമൂഹത്തിൽ യോഗയുടെ പ്രാധാന്യം വർദ്ധിച്ചു വരുന്നതായും ഡെറാഡൂണിലെ പൊലീസ് ലൈനിൽ നടന്ന 11-ാമത് അന്താരാഷ്ട്ര യോഗ ദിന പരിപാടിയിൽ പങ്കെടുത്തുകൊണ്ട് രാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

നിരന്തരമുള്ള യോഗാഭ്യാസം രോഗ പ്രതിരോധ ശേഷി വർദ്ധിപ്പിക്കുമെന്നും ജീവിത ശൈലി രോഗങ്ങളിൽ നിന്ന് രക്ഷ നേടുന്നതിന് യോഗ ശീലമാക്കണമെന്നും ശ്രീമതി മുർമ്മു ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&&

## HEAD LINE – 2

### PM - YOGA DAY (INTRO)

ലോകം സമ്മർദ്ദത്തിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ യോഗ സമാധാനത്തിലേക്കുള്ള ദിശാബോധം നൽകുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വിശാഖപട്ടണത്ത് 11-ാമത്

അന്താരാഷ്ട്ര യോഗ ദിനാചരണത്തിന് നേതൃത്വം നൽകിയ പ്രധാനമന്ത്രി, ജൂൺ 21-ന് ലോകം മുഴുവൻ ഒരുമിച്ച് യോഗ ചെയ്യുന്നുണ്ടെന്നും യോഗ ലോകത്തെ മുഴുവൻ ബന്ധിപ്പിച്ചിരിക്കുന്നുവെന്നും പറഞ്ഞു. ഇന്ത്യ ആധുനിക ഗവേഷണത്തിലൂടെ യോഗയുടെ ശാസ്ത്രത്തെ കൂടുതൽ ശക്തിപ്പെടുത്തുകയാണെന്നും രാജ്യത്തെ പ്രധാന മെഡിക്കൽ സ്ഥാപനങ്ങൾ ഈ രംഗത്ത് ഗവേഷണത്തിൽ ഏർപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആധുനിക വൈദ്യശാസ്ത്രത്തിൽ യോഗയുടെ ശാസ്ത്രീയ വശത്തിന് ഇടം ലഭിക്കാൻ ഇന്ത്യ പരിശ്രമിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ്-വോയ്സ്)

ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി എൻ. ചന്ദ്രബാബു നായിഡു, ആയുഷ് സഹമന്ത്രി പ്രതാപ്റാവു ജാദവ്, ഉൾപ്പെടെയുള്ള വിശിഷ്ട വ്യക്തികൾ യോഗാദി പരിപാടിയിൽ പങ്കെടുത്തു. കിഴക്കൻ നാവിക കമാൻഡിന്റെ ഒരു ഫ്ലൈ-പാസ്റ്റും 45 മിനിറ്റ് യോഗ സെഷനും ഉൾപ്പെട്ട പരിപാടിയിൽ ഏകദേശം 2.72 ലക്ഷം പേർ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&

## YOGA DAY CELEBRATION–STATES

11-ാമത് അന്താരാഷ്ട്ര യോഗദിനം രാജ്യമെമ്പാടും വിപുലമായി ആചരിക്കുന്നു. ന്യൂഡൽഹിയിലെ കർത്തവ്യപഥിൽ കേന്ദ്ര ആരോഗ്യ മന്ത്രി ജെ പി നദ്ദ ഇന്ന് യോഗാഭ്യാസത്തിന് നേതൃത്വം നൽകി. ആരോഗ്യകരമായ ജീവിതശൈലിക്ക് യോഗ ശീലിക്കണമെന്ന് അദ്ദേഹം പറഞ്ഞു. 60,000 ത്തിലധികം സ്ഥലങ്ങളിൽ ഒന്നര കോടിയിലധികം പേർ പങ്കെടുക്കുന്ന കൂട്ട യോഗ പരിപാടികളാണ് ഗുജറാത്തിൽ സംഘടിപ്പിച്ചത്. അഹമ്മദാബാദിൽ നടന്ന പരിപാടിയിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പങ്കെടുത്തു. ബിഎസ്എഫ് അതിന്റെ എല്ലാ യൂണിറ്റുകളിലും പഞ്ചാബിലെ ആസ്ഥാനത്തും യോഗാദിനം ആഘോഷിച്ചു. അമൃത്സറിലെ അട്ടാരിയിലെ ജോയിന്റ് ചെക്ക് പോസ്റ്റിൽ പ്രത്യേക ചടങ്ങ് നടന്നു. മധ്യപ്രദേശിൽ,ഭോപ്പാലിലെ അടൽ പാതയിൽ സംസ്ഥാനതല യോഗ പരിശീലനം നടന്നു.

മുഖ്യമന്ത്രി മോഹൻ യാദവ്, കേന്ദ്ര ഗോത്രകാര്യ സഹമന്ത്രി ദുർഗാദാസ് ഉയികെ എന്നിവർ പങ്കെടുത്തു. ലഡാക്കിൽ നടന്ന പരിപാടിയിൽ നൂറു കണക്കിന് പേർ പങ്കെടുത്തു. ഗോവയിലെ യോഗ ദിനാചരണത്തിന് കേന്ദ്ര നവ, പുനരുപയോഗ ഊർജ്ജ സഹമന്ത്രി ശ്രീപദ് നായിക് നേതൃത്വം നൽകി.

പുതുച്ചേരിയിലുടനീളം 11-ാമത് അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചു. ബീച്ച് റോഡിൽ നടന്ന ആഘോഷങ്ങൾ ലെഫ്റ്റനന്റ് ഗവർണർ കെ. കൈലാസ്നാഥനും മുഖ്യമന്ത്രി എൻ. രംഗസാമിയും ഉദ്ഘാടനം ചെയ്തു.

&&&&&&&&&&&&&&&&&

## TN – YOGA DAY

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ശ്രമഫലമായി ഐക്യരാഷ്ട്രസഭ യോഗയെ അംഗീകരിച്ചതായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുഗൻ പറഞ്ഞു. ചെന്നൈയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സിദ്ധയിൽ നടന്ന യോഗ പരിപാടിക്കു ശേഷം മാധ്യമങ്ങളുമായി സംവദിക്കവേ, ലോകമെമ്പാടുമുള്ള 125 രാജ്യങ്ങളിൽ ഇന്ന് യോഗ നടക്കുന്നുണ്ടെന്ന് ശ്രീ മുരുഗൻ പറഞ്ഞു. മധുരയിൽ നടന്ന യോഗ പരിപാടിയിൽ ഗവർണർ ആർ.എൻ.രവി പങ്കെടുത്തു.

&&&&&&&&&&&&&&&&&

## BANGLADESH-YOGA DAY

പതിനൊന്നാമത് അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് ബംഗ്ലാദേശിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ധാക്കയിൽ യോഗ പരിപാടി സംഘടിപ്പിച്ചു. പുരാതന ഇന്ത്യൻ നാഗരികത ആധുനിക ലോകത്തിന് നൽകിയ വിലപ്പെട്ട സംഭാവനയാണ് യോഗയെന്ന് ഹൈക്കമ്മീഷണർ പ്രണയ് വർമ്മ പറഞ്ഞു. ബംഗ്ലാദേശി നടൻ ചഞ്ചൽ ചൗധരി ഉൾപ്പെടെ വിവിധ മേഖലകളിലെ പ്രമുഖർ ചടങ്ങിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## YOGA-RAMDAS ATHAWALE

കേരളത്തിൽ എല്ലാ ജില്ലകളിലും വിപുലമായ രീതിയിൽ യോഗാഭ്യാസം സംഘടിപ്പിച്ചു. ആയുഷ് മന്ത്രാലയത്തിന്റെയും

നാഷണൽ ഹെൽത്ത് മിഷൻ കേരളയുടെയും ആഭിമുഖ്യത്തിൽ മലപ്പുറത്ത് സംഘടിപ്പിച്ചയോഗ ദിനാചാരണത്തെ കേന്ദ്ര സഹമന്ത്രി രാംദാസ് അഠാവലെ അഭിസംബോധന ചെയ്തു. ശാരീരിക മാനസിക ക്ഷേമത്തിന് യോഗ അനിവാര്യമാണെന്നും ദിവസവും ഒരു മണിക്കൂറെങ്കിലും യോഗ ചെയ്യണമെന്നും അദ്ദേഹം പറഞ്ഞു. കോട്ടക്കൽ വൈദ്യരത്നം പി എസ് വാര്യർ ആയുർവേദ കോളേജിൽ നടന്ന പരിപാടിയിൽ വിദ്യാർഥികൾക്കും യോഗ അധ്യാപകർക്കുമൊപ്പം യോഗഭ്യാസത്തിലും കേന്ദ്ര സഹമന്ത്രി പങ്കെടുത്തു.

&&&&&&&&&&&&&&&&&&

**GEORGE KURIEN-YOGA (INTRO)**

ലോകമെമ്പാടും യോഗയെ അംഗീകരിക്കുന്നത് ഓരോ ഇന്ത്യാക്കാരനും അഭിമാനകരമാണെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. തിരുവനന്തപുരത്ത് യോഗദിന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. യോഗ വ്യായാമം മാത്രമല്ലെന്നും മനസിനും ശരീരത്തിനും ഒരു പോലെ ആശ്വാസം നൽകുന്നതാണെന്നും ശ്രീ ജോർജ്ജ് കുര്യൻ അറിയിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&&&

**SURESHGOPI - YOGA**

യോഗ കേവലമൊരു വ്യായാമമെന്നതിലുപരി, ചിട്ടയായ ജീവിതശൈലിയും, സ്വത്വം തിരിച്ചറിയുന്നതിനുള്ള മാർഗ്ഗവുമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. കൊച്ചിയിലെ ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ കേന്ദ്ര വിനോദസഞ്ചാര മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന അന്താരാഷ്ട്ര യോഗ ദിനപരിപാടിയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. സമഗ്രമായ ക്ഷേമവും പാരിസ്ഥിതിക ഐക്യവും പ്രോത്സാഹിപ്പിക്കുന്നതിൽ യോഗയുടെ സുപ്രധാന പങ്കിനെ ഈ വർഷത്തെ ദിനാചരണം ഉയർത്തിക്കാട്ടുന്നുവെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## VEENA GEORGE – YOGA

മികച്ച പ്രവർത്തനങ്ങൾ നടത്തി സമ്പൂർണ യോഗ കൈവരിക്കുന്ന തദ്ദേശ സ്ഥാപനങ്ങളെ പ്രത്യേകമായി അംഗീകരിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. തൃശൂരിൽ നടന്ന അന്താരാഷ്ട്ര യോഗ ദിനാചരണം സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. സമ്പൂർണ യോഗ പഞ്ചായത്തുകളും മുൻസിപ്പിലിറ്റികളും കോർപറേഷനുകളുമാക്കാനാണ് പരിശ്രമിക്കുന്നത്. ഇതിലൂടെ കേരളത്തെ സമ്പൂർണ യോഗ സംസ്ഥാനമാക്കി മാറ്റുകയാണ് ലക്ഷ്യമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## YOGA – LAKSHADWEEP

ലക്ഷദ്വീപിലെ എല്ലാ ദ്വീപുകളിലും വിപുലമായ യോഗ ദിനാചരണ പരിപാടികൾ സംഘടിപ്പിച്ചു. കവരത്തിയിലെ ഗാന്ധി സ്ക്വയർ ബീച്ചിൽ നടന്ന പരിപാടികൾ അഡ്മിനിസ്ട്രേറ്ററുടെ ഉപദേഷ്ടാവ് ഗൗരവ് സിംഗ് രജാവത്, ആരോഗ്യ വകുപ്പ് സെക്രട്ടറി അവനേഷ് കുമാർ, വിവിധ സേനാവിഭാഗങ്ങൾ, ആരോഗ്യ പ്രവർത്തകർ ,വിദ്യാത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർ പങ്കെടുത്തു.

&&&&&&&&&&&&&&&&&

## YOGA DAY –AKASHVANI

ദേശീയ തലസ്ഥാനത്തെ ആകാശവാണി ആസ്ഥാനത്ത് പ്രത്യേക യോഗ പരിപാടി സംഘടിപ്പിച്ചു. ആകാശവാണി ഡയറക്ടർ ജനറൽ പ്രഗ്യാ പാലിവാൾ ഗൗർ, എഡിജി എൽ മധു നാഗ്, ഉദ്യോഗസ്ഥർ, ജീവനക്കാർ എന്നിവർ പരിപാടിയിൽ പങ്കെടുക്കുത്തു. തിരുവനന്തപുരത്ത് CCRS സിദ്ധ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും പള്ളിപ്പുറം സി ആർ പി എഫ് കേന്ദ്രീയ വിദ്യാലയവും ആകാശവാണി തിരുവനന്തപുരം നിലയവും സംയുക്തമായി പള്ളിപ്പുറത്ത് യോഗ ദിനം ആചരിച്ചു.

&&&&&&&&&&&&&&&&&

## LEGAL SERVICES ATHORITY

തിരുവനന്തപുരം ജില്ലാ ലീഗൽ സർവ്വീസസ് അതോററ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ലീഗൽ സർവ്വീസസ് സമ്മിറ്റ് 2025 ഹൈകോടതി ചീഫ് ജസ്റ്റിസ് നിധിൻ ജംധാർ തിരുവനന്തപുരത്ത് ഉത്ഘാടനം ചെയ്യു. ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ വിവിധ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ചുള്ള ബോധവത്കരണ സെഷനുകൾ ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

&&&&&&&&&&&&&&&&&

## HEAD LINE – 4

## IRAN NUCLEAR TALKS - UN

ഇസ്രയേൽ ആക്രമണ പശ്ചാത്തലത്തിൽ ഭാവി ആണവ പദ്ധതികളെക്കുറിച്ച് ചർച്ച നടത്തില്ലെന്ന് വ്യക്തമാക്കി ഇറാൻ. ഫ്രാൻസ്, ബ്രിട്ടൺ, ജർമനി, യൂറോപ്യൻ യൂണിയൻ എന്നിവയുടെ വിദേശകാര്യമന്ത്രിമാരുമായി ഇറാൻ വിദേശകാര്യ മന്ത്രി ജനീവയിൽ നടത്തിയ ചർച്ചയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. അതേസമയം നിലവിലെ സ്ഥിതിഗതികൾ ഐക്യരാഷ്ട്ര സഭ സെക്രട്ടറി ജനറൽ അൻറോണിയോ ഗുട്ടറസ് സുരക്ഷാ കൗൺസിലിൽ വിശദീകരിച്ചു. ആഗോളസുരക്ഷയ്ക്കായി സംഘർഷം ലഘൂകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&

## HEAD LINE – 5

## FIH HOCKEY PRO LEAGUE

എഫ്ഐഎച്ച് ഹോക്കി പ്രോ ലീഗിൽ ഇന്നും നാളെയുമായി നടക്കുന്ന മത്സരങ്ങളിൽ ഇന്ത്യൻ പുരുഷ- വനിതാ ടീമുകൾ ബെൽജിയത്തെ നേരിടും. ആറ് മത്സരങ്ങളിൽ തുടർച്ചയായി പരാജയപ്പെട്ട ശേഷമാണ് പുരുഷ ടീം ബെൽജിയവുമായി മത്സരിക്കുന്നത്. ബൽജിയം മൂന്നാം സ്ഥാനത്താണ്.

&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&